ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. രാമകൃഷ്ണൻ):

(എ) നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഇക്കാര്യം പരിഗണനയിലില്ല.

ഡി. പി. ഇ. പി. പദ്ധതികൾ നടപ്പാക്കുന്നതിന് ജനകീയ സമിതികൾ

16 (*551) ശ്രീ. എ. കെ. മണി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡി. പി. ഇ. പി. പദ്ധതി നടപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സമിതികൾ എന്തൊക്കെ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഇതുവരെ നൽകിയിട്ടുണ്ട് ;

(സി) അതിൽ ഏതൊക്കെ നടപ്പിൽ വരുത്തിയിട്ടുണ്ട് ;

(ഡി) ഈ സമിതിയുടെ ഘടന വെളിപ്പെടുത്തുമോ ;

(ഇ) ഈ സമിതിയ്ക്ക് കൂടുതൽ ഉത്തരവാദിത്വങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഡി. പി. ഇ. പി. നടപ്പാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുവാൻ താഴെ പറയുന്ന സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. ജില്ലാ ഉപദേശക സമിതി.
2 ജില്ലാ നിർവഹണ സമിതി.
3 ബ്ലോക്ക് റിസോഴ്സ് സെന്റർ ഉപദേശക സമിതി.
4 വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റി.
5 സ്കൂൾ സപ്പോർട്ട് ഗ്രൂപ്പ്.

ഇതിൽ ജില്ലാ ഉപദേശക സമിതിയും ബ്ലോക്ക് റിസോഴ്സ് സെന്റർ ഉപദേശക സമിതിയും വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റിയും ജനകീയ സമിതികളാണ്.

(ബി & സി) ഈ സമിതികൾ ഡി. പി. ഇ. പി. യുടെ വിവിധ പ്രവർത്തന മേഖലകളായ അദ്ധ്യാപക പരിശീലനം, ജനകീയ പങ്കാളിത്തം, രക്ഷിതാക്കളുടെ

LIBRARY ARCHIVES Kerala Legislative Assembly

ബോധവല്ക്കരണം, പ്രീപ്രൈമറി വിദ്യാഭ്യാസം, പദ്ധതി ആസൂത്രണം, നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയ എല്ലാ മേഖലകളിലെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സമിതികൾ നൽകുന്ന ഇത്തരം നിർദ്ദേശങ്ങളും തീരുമാനങ്ങളും പാലിക്കുന്നുണ്ട് എന്ന് മാത്രമല്ല തൊട്ടടുത്ത യോഗങ്ങളിൽ ഇക്കാര്യങ്ങൾ അവലോകനം ചെയ്യുന്നുമുണ്ട്.

(ഡി) പ്രസ്തുത സമിതികളുടെ വിശദമായ ഘടന അന്യത്ര ചേർത്തിട്ടുണ്ട്. † ഇതിനു പുറമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും വിദ്യാഭ്യാസമന്ത്രി വൈസ് ചെയർമാനുമായുള്ള ജനറൽ ബോഡിയും നിലവിലുണ്ട്. പ്രോജക്ട് ജില്ലകളിലെ എല്ലാ എം. പി. മാരും ജനറൽ ബോഡിയിലെ അംഗങ്ങളാണ്.

(ഇ) ഇപ്പോൾ തന്നെ അതാത് പ്രദേശത്തെ അക്കാദമിയും അക്കാദമികേതരവുമായ എല്ലാ കാര്യങ്ങളിലും അഭിപ്രായങ്ങൾ/നിർദ്ദേശങ്ങൾ നൽകാനുള്ള അവകാശവും പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതലയും ഈ സമിതികൾക്കുണ്ട്. ആയതിനാൽ കൂടുതൽ അധികാരങ്ങൾ ഇവയ്ക്ക് നൽകുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ഡിഗ്രി കോഴ്സുകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിൽ കാലതാമസം

17 (* 552) ശ്രീ. വി. ജെ. പൗലോസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള സർവകലാശാലകൾ ഡിഗ്രി കോഴ്സുകൾക്ക് നടത്തുന്ന ഫൈനൽ പരീക്ഷകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിൽ കാലതാമസം നേരിടുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1997-98, 1998-99 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തിയ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തിയതെന്നാണ് ;

(സി) അതതുവർഷം ജൂൺ മാസം ആരംഭിക്കുന്നതിനുമുമ്പായോ ജൂൺ ആദ്യവാരത്തിലെങ്കിലുമോ ഡിഗ്രി പരീക്ഷകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്താത്തതുകൊണ്ടും ഡിഗ്രി വിജയം മിനിമം യോഗ്യതയായി പ്രഖ്യാപിച്ചിട്ടുള്ള പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനത്തിനുള്ള അപേക്ഷ അയയ്ക്കേണ്ട തീയതി ജൂൺ 2-ാം വാരത്തോടെ അവസാനിക്കുമെന്നതുകൊണ്ടും സംസ്ഥാനത്ത് ഡിഗ്രി പരീക്ഷകൾക്ക് ചേർന്നിട്ടുള്ള കുട്ടികൾക്ക് ഏവർക്കും ഇത്തരം പ്രൊഫഷണൽ കോഴ്സുകൾക്ക് ചേരാൻ കഴിയുന്നില്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്ത് നടത്തപ്പെടുന്ന പ്രൊഫഷണൽ കോഴ്സുകളുടെ എൻട്രൻസ് പരീക്ഷകളിൽ സംസ്ഥാന സർവ്വകലാശാല നടത്തുന്ന ഡിഗ്രി പരീക്ഷാഫലം വരുന്നതിനു വിധേയമായി ചേർക്കുവാനും ഈ എൻട്രൻസ് പരീക്ഷകളിൽ റാങ്ക് നേടുന്ന പക്ഷം ഡിഗ്രി പരീക്ഷയുടെ റിസൾട്ട് വരുന്ന മുറയ്ക്ക് അഡ്മിഷൻ നൽകുവാനും നടപടിയെടുക്കുമോ ?

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[23-3-2000-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 16 (*551) ന്റെ 'ഡി' ഉത്തരം ദയവായി കാണുക]

ഡി.പി.ഇ.പി. പദ്ധതി നടപ്പാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുവാൻ രൂപീകരിച്ച വിവിധ സമിതികളുടെ ഘടന

1. ജില്ലാ ഉപദേശക സമിതി

ചെയർമാൻ	:	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്
ജോയിന്റ് ചെയർമാൻ	:	ജില്ലാ കളക്ടർ
വൈസ് ചെയർമാൻ	:	ജില്ലാ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
മെമ്പർ സെക്രട്ടറി	:	ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
അംഗങ്ങൾ	:	1. ജില്ലയിലെ എല്ലാ എം. പി. മാർ
		2. ജില്ലയിലെ എം. എൽ. എ. മാർ
		3. ബന്ധപ്പെട്ട ജില്ലയിലെ കോർപ്പറേഷൻ/ മുൻസിപ്പാലിറ്റിയിലെ സാമൂഹ്യക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
		4. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
		5. പ്രിൻസിപ്പൽ, ഡയറ്റ്
		6. എല്ലാ എ. ഇ. ഒ. മാരും ഡി. ഇ .ഒ. മാരും
		7. എൻ. ജി. ഒ. മാരുടെ രണ്ടു പ്രതിനിധികൾ
		8. ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാരുടെ രണ്ടു പ്രതിനിധികൾ
		9. പ്രൈമറി ഹെഡ്മാസ്റ്റർമാരുടെ രണ്ടു പ്രതിനിധികൾ
		10. ജില്ലാ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങളും.
		11. അംഗീകാരമുള്ള എല്ലാ അദ്ധ്യാപക സംഘടനകളുടെയും ഒരു പ്രതിനിധി.

2 ജില്ലാ നിർവ്വഹണ സമിതി

ചെയർമാൻ	:	ജില്ലാകളക്ടർ
ജോയിന്റ് ചെയർമാൻ	:	ജില്ലാ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

വൈസ് ചെയർമാൻ : കോർപ്പറേഷൻ / മുൻസിപ്പാലിറ്റികളിലെ സാമൂഹ്യക്ഷേമ സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ

മെമ്പർ സെക്രട്ടറി : ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ

അംഗങ്ങൾ :
1. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ
2. പ്രിൻസിപ്പൽ, ഡയറ്റ്
3. രണ്ട് എ. ഇ. ഒ. മാർ.
4. എൻ. ജി. ഒ. മാരുടെ രണ്ട് പ്രതിനിധികൾ
5. അദ്ധ്യാപക സർവീസ് സംഘടനയുടെ രണ്ട് പ്രതിനിധികൾ
6. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ രണ്ടു പ്രതിനിധികൾ
7. പ്രൈമറി സ്കൂൾ എം. ടി. എ. യുടെ രണ്ട് പ്രതിനിധികൾ
8. പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്ററുമാരുടെ രണ്ട് പ്രതിനിധികൾ
9. പ്രൈമറി സ്കൂളുകളുടെ രണ്ട് പ്രതിനിധികൾ
10. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)
11. ജില്ലാ പ്ലാനിംഗ് ഓഫീസർ.
12. ജില്ലാ പഞ്ചായത്ത് ഓഫീസർ
13. ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ
14. ജില്ലാ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ
15. ജില്ലാ എസ്. സി. ഡെവലപ്പ്മെന്റ് ഓഫീസർ

3. ബ്ലോക്ക് റിസോഴ്സ് സെന്റർ ഉപദേശക സമിതി

ചെയർമാൻ : ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ ബി. ആർ. സി. പ്രദേശത്തെ മുൻസിപ്പൽ ചെയർമാൻ.

വൈസ് ചെയർമാൻ : മറ്റ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ

മെമ്പർ സെക്രട്ടറി : ബി. ആർ. സി. കോ-ഓർഡിനേറ്റർ

അംഗങ്ങൾ :
1. എ. ഇ. ഒ.
2. ബ്ലോക്കിലെ ഗ്രാമ പഞ്ചായത്തിലെ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

LIBRARY ARCHIVES Kerala Legislative Assembly

3. മുൻസിപ്പൽ കൗൺസിലർമാർ.
4. പഞ്ചായത്ത് പ്രസിഡന്റുമാർ
5. അദ്ധ്യാപക സർവീസ് സംഘടനയിലെ രണ്ട് പ്രതിനിധികൾ
6. എൻ. ജി. ഒ. മാരുടെ രണ്ടു പ്രതിനിധികൾ
7. ഡയറ്റ് ഫാക്കൽറ്റിയിലെ ഒരംഗം.
8. ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ.
9. ഐ. സി. ഡി. എസ്. പ്രോജക്ട് ഓഫീസർ.
10. രണ്ട് പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർ
11. ബ്ലോക്ക് പ്രദേശത്തെ രണ്ട് വിദ്യാഭ്യാസ വിഗദ്ധർ.

4 വില്ലേജ് എഡ്യൂക്കേഷൻ കമ്മിറ്റിചെയർമാൻ

ചെയർമാൻ	:	ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
വൈസ് ചെയർമാൻ	:	ഗ്രാമത്തിലെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ.
മെമ്പർ സെക്രട്ടറി	:	ലീഡ് സ്കൂൾ ഹെഡ്മാസ്റ്റർ
അംഗങ്ങൾ	:	1. എല്ലാ പഞ്ചായത്ത് വാർഡ് അംഗങ്ങൾ
		2. എല്ലാ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർ
		3. എല്ലാ പി. ടി. എ. പ്രസിഡന്റുമാർ
		4. എല്ലാ എം. പി. എ. പ്രസിഡന്റുമാർ
		5. രണ്ട് വിദ്യാഭ്യാസ വിദഗ്ധർ
		6. ഒരു സാമൂഹ്യ പ്രവർത്തകൻ

5 സ്കൂൾ ലെവൽ കമ്മിറ്റി ചെയർമാൻ

ചെയർമാൻ	:	പ്രദേശത്തെ വിദ്യാഭ്യാസ വിദഗ്ധനോ സാമൂഹ്യ പ്രവർത്തകനോ (സ്കൂൾ പി. ടി. എ.,/എം. ടി. എ. പ്രസിഡന്റുമാർ സംയുക്തമായി തീരുമാനിക്കേണ്ടത്)
വൈസ് ചെയർമാൻ	:	1. പി. ടി. എ. പ്രസിഡന്റ്
		2. എം. ടി. എ. പ്രസിഡന്റ്
മെമ്പർ സെക്രട്ടറി	:	സ്കൂൾ ഹെഡ്മാസ്റ്റർ
അംഗങ്ങൾ	:	1. പി. ടി. എ. എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാർ
		2. എം. ടി. എ. എക്സിക്യൂട്ടീവ് മെമ്പർമാർ
		3. പഞ്ചായത്ത് വാർഡ് മെമ്പർമാർ
		4. പ്രദേശത്തെ രണ്ട് പ്രതിനിധികൾ.

LIBRARY ARCHIVES Kerala Legislative Assembly